# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 418 02.12.2014 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിൽ കേരളം നേരിടുന്ന അവഗണന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ:<br>ശ്രീ. സി കൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുള്ള കേന്ദ്രത്തിന്റെ അവഗണന വിലയിരുത്തിയിട്ടുണ്ടോ; | (എ) | റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർഷിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാതയിരട്ടിപ്പിക്കൽ,വൈദ്യുതീകരണം, സിഗ്നൽ നവീകരണം തുടങ്ങി അടിസ്ഥാന വികസനത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന പരിഗണന കേരളത്തിന് ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണം പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ സംസ്ഥാനത്ത് റെയിൽവേ വികസനത്തിനു ചെയ്തു കിട്ടേണ്ട പദ്ധതികൾ നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുന്നുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ? | (സി) | സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അലംഭാവം ഒന്നും കാണിക്കുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ